Break the Chain

വനിത ശിശുവികസന വകുപ്പ്

മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**
**(ഹാജർ: പ്രിയങ്ക ജി IAS ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

**വിഷയം:-** വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - പാലക്കാട് സ്വദേശി ഫസ്ന എന്ന കുട്ടിക്ക് -ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

**പരാമർശം:** പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 19/02/2022 തീയതിയിലെ ഡി.സി.പി.യു/പി.കെ.ഡി/ഇ/എഠ ഇ ആർ-488/21

===================================================================

**ഉത്തരവ് നമ്പർ : ICPS-4(A)/906/2022    തീയതി: 27.04.2022**

===================================================================

പാലക്കാട് ജില്ലയിൽ കോട്ടോപ്പാടം പഞ്ചായത്തിൽ തിരുവിഴാംകുന്ന് വിലാസത്തിൽ ശ്രീ.മുഹമ്മദ് ഫൈസല്, ശ്രീമതി.ഫസീല എന്നീ ദമ്പതികളുടെ മകളായ ഫസ്ന (16 വയസ്സ്) എന്ന കുട്ടിയെ അയൽവാസി കൊലപ്പെടുത്താന് ശ്രമിക്കുകയും,ആയതിൽ നിന്നും രക്ഷപ്പെട്ട കുട്ടിയെ വട്ടമ്പലം മദർ കെയർ,പെരുന്തൽമണ്ണ യിലെ മൗലാന ആശുപത്രിയിലുമായി ദീർഘകാലം ചികിത്സയിൽ കഴിയുകയും നിലവിൽ കുട്ടി സുഖം പ്രാപിച്ചു വരുന്നു.കുട്ടിയുടെ കഴുത്തിനും,വലത് കൈക്കും സാരമായി പരിക്കേറ്റിട്ടുണ്ട്.നിലവിൽ സ്പീയോതെറാപ്പിയും മരുന്നും ആവശ്യമാണ് എന്നും , നിലവിൽ കുട്ടിക്ക് എഴുന്നേറ്റിരിക്കാൻ പോലും സാധിക്കാത്ത അവസ്ഥയാണ് .നിലവിൽ ചികിത്സയ്ക്കായി 1,54,000/-രൂപ ചിലവായിട്ടുണ്ട് എന്നും എന്നാൽ കുടുംബത്തിന് നിലവിൽ മറ്റ് കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും ആയതിനാൽ കുട്ടിയുടെ ചികിത്സാ ഇനത്തില് ചിലവായ 1,54,000/-രൂപ ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിച്ച് നൽകണമെന്നും പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള പാലക്കാട് ജില്ലയിൽ കോട്ടോപ്പാടം പഞ്ചായത്തിൽ തിരുവിഴാംകുന്ന് വിലാസത്തിൽ ശ്രീ.മുഹമ്മദ് ഫൈസല്, ശ്രീമതി.ഫസീല എന്നീ ദമ്പതികളുടെ മകളായ ഫസ്ന യുടെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും

നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ ആകെ **1,22,612/-രൂപ (ഒരു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അറുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം)** അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

ടി തുകയായ **1,22,612/-രൂപ (ഒരു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അറുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം)** പാലക്കാട് വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിൻറെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി പാലക്കാട് ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, പാലക്കാട്

<u>പകർപ്പ്</u>

1. ജില്ലാ വനിത ശിശു വികസന ഓഫീസർ,പാലക്കാട്
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്